# മാനസികമായ ദഹനക്കേട്

കുറ്റിപ്പുഴ കൃഷ്ണപിള്ള



മാനസികമായ ദഹനക്കേട്

കുറ്റിപ്പുഴ കൃഷ്ണപിള്ള

(മലയാളം: ലേഖനം)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

A Girl with a Candle, a painting by anonymous. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# മാനസികമായ ദഹനക്കേട്



വള്ളത്തോൾ

വളരെ വായിച്ചിട്ടുള്ള ഒരു പണ്ഡിതനെപ്പറ്റി വള്ളത്തോൾ ഒരിക്കൽ സംഭാഷണമദ്ധ്യേ പറയുകയുണ്ടായി, അയാൾ ഒട്ടേറെ വായിച്ചിട്ടുണ്ട്. ഒന്നും ദഹിച്ചിട്ടില്ല എന്ന്. നമ്മളിൽ പലരെ സംബന്ധിച്ചും ഈ അഭിപ്രായം ശരിയാകാം. ഒരുതരം ദഹനക്കേട് ബാധിച്ചിട്ടുള്ളവരാണ് നമ്മിലധികംപേരും; ശരീരത്തിനുമാത്രമല്ല, മനസ്സിനും. സംഖ്യയില്ലാതവണ്ണം പുസ്തകങ്ങൾ പുറത്തുവരുന്നകാലം. കൈയിൽ കിട്ടുന്നതെല്ലാം നാം വായിച്ചുതള്ളുന്നു. എന്തൊക്കെയോ മനസ്സിനകത്ത് കടന്നുവീണ് സ്ഥലംപിടിക്കുന്നു. അവയ്ക്ക് തമ്മിൽ വല്ല പൊരുത്തവുമുണ്ടോ, അവ നമ്മുടെ ബോധതലത്തിൽ ഇണങ്ങിച്ചേരുന്നുണ്ടോ എന്നൊന്നും നമ്മൾ നോക്കാറില്ല. സർവജ്ഞപീഠത്തിൽനിന്നായാലും വേണ്ടില്ല, മനസ്സിന്റെ പടിവാതിൽക്കൽ വന്ന് നിൽക്കുന്നതെന്തും ഒന്ന് പരിശോധിച്ചേ അകത്തേക്ക് കടത്തിവിടൂ എന്നൊരു തീവ്രനിഷ്ഠ പിപഠിഷുക്കൾ അനുഷ്ഠിക്കേണ്ടതാണ്. സ്വന്തം യുക്തിവിചാരത്തിൽ പാകപ്പെടുത്താതെ ഗ്രന്ഥങ്ങളിൽ കാണുന്നതെല്ലാം വലിച്ചുവാരി പച്ചയോടെ ഉള്ളിലേക്ക് തള്ളിവിടുന്നത് ആപൽക്കരമാകുന്നു. ബുദ്ധിപരമായ ഈ അമിതബുഭുക്ഷ (Intellectual gluttony) ഗുണത്തെക്കാൾ അധികം ദോഷം ചെയ്യും. 'കുറെ അധികം തെറ്റിദ്ധരിക്കുന്നതിനെക്കാൾ നല്ലത് കുറച്ചെങ്കിലും ശരിയായി മനസ്സിലാക്കുന്നതാണ്' (It is better understand little than to misunderstand a lot) എന്ന് അനട്ടോൾ ഫ്രാൻസ് പറഞ്ഞിട്ടുള്ളത് ഈ മാനസികരോഗത്തിനൊരു പ്രതിവിധിയത്രെ. 'എല്ലാ ജ്ഞാനവും അടങ്ങിയിരിക്കുന്നത് വിലയിരുത്താനുള്ള പ്രാപ്തിയിലാണ്. നിങ്ങളുടെ തലയ്ക്കകത്ത് ഒരുപാട് കാര്യങ്ങൾ കുട്ടിയിട്ടിരിക്കുന്നു. അവ വിലയിരുത്തുവാൻ നിങ്ങൾ പഠിക്കണം, മറക്കാനുള്ള ശക്തി വളർത്തിക്കൊണ്ടുവരിക' (All wisdom consists in the power of valuation. You have a mass of things put into your head and you must learn to valuate them. Cultivate the power of forgetting) എന്നും മറ്റും ബർനാഡ്ഷാ ഉപദേശിച്ചിട്ടുള്ളതും മാനസികമായ ദീപനശക്തിയില്ലാത്തവരെ ഉദ്ദേശിച്ചാകുന്നു. ഷായുടെ രസകരമായ നിരീക്ഷണത്തിൽ ഇന്നത്തെ പണ്ഡിതന്റെ മനസ്സ് എങ്ങനെയിരിക്കുന്നുവെന്ന് നോക്കുക:



എഡിങ്ടൺ

'The educated man of today has a mind which can be compared only to a store in which the very lastest and most precious acquisitions are flung on top of a noisome heap of rag—and bottle refuse and worthless antiquities from the museum lumber room. No mind can operate reasonably in such a mess'. അതെ—ഭൂതകാലത്തിലെ പഴഞ്ചരക്കുകളുടെമീതെ വർത്തമാനകാലത്തിലെ പുത്തൻസാമാനങ്ങൾ ഇട്ടു നിറച്ചിട്ടുള്ളൊരു കലവറയാണ് ആധുനികപണ്ഡിതന്റെ മനസ്സ്. ബൈബിളും ഭഗവദ്ഗീതയും പരിണാമവാദവും ക്വാണ്ടം തിയറിയും എല്ലാം ഒരു ചെപ്പിലടച്ച് സൂക്ഷിപ്പാൻ അത് വൃഥാശ്രമം ചെയ്യുന്നു! പഴന്തുണിയും കോടിവസ്ത്രവും തമ്മിൽ തുന്നിപ്പിടിപ്പിക്കുവാനുള്ളൊരു മതി ഭ്രമം! വർത്തമാനത്തിലെ വിപ്ലവക്ഷുഭിതാവസ്ഥയിൽനിന്ന് ഭൂതത്തിലെ ശ്മശാനശാന്തതയിലേക്ക് അഭയാർത്ഥിയായി പോകുന്ന മനസ്സിൽ ഇത്തരം കുഴപ്പങ്ങൾ ധാരാളം സംഭവിക്കും. കഷ്ടകാലത്തിന് ജീൻസ്, എഡിങ്ടൺ തുടങ്ങിയ കുറെ സയൻസുകാരുടെ ചില ഗ്രന്ഥങ്ങളും അവരുടെ ചില ഞായറാഴ്ചപ്രസംഗങ്ങളും ഈ കുഴപ്പങ്ങൾ വർദ്ധിപ്പിക്കുവാൻ കാരണവുമായിട്ടുണ്ട്. ഏത് നിലയ്ക്ക്, എപ്പോൾ, എങ്ങനെ പുറത്തുവന്നതാണ് അവരുടെ അഭിപ്രായങ്ങൾ എന്നൊന്നും ആലോചിക്കാതെ അവരുടെ പേരിൽ അച്ചടിപ്പുസ്തകത്തിൽ കാണുന്നതൊക്കെ അപ്പടിവിഴുങ്ങിയാൽ ദഹനക്കേട് ബാധിക്കാതിരിക്കുമോ? നമ്മുടെ അറിവെല്ലാം സാപേക്ഷമാണെന്ന മൗലികതത്ത്വം വിസ്മരിച്ച് കേവലവും സനാതനവും ആയ എന്തോ ഒന്നുണ്ടെന്നും ആ അജ്ഞാത രഹസ്യത്തിലേക്കാണ് ഇന്നത്തെ സയൻസിന്റെ പ്രയാണമെന്നും മറ്റും വിശ്വസിക്കുവാൻ ഇന്ന് അനേകം പണ്ഡിതന്മാർ സന്നദ്ധരായിക്കാണുന്നുണ്ട്. സയൻസിന്റെ പിൻബലത്തോടുകൂടി മതത്തിന്റെ ജീർണോദ്ധാരണം നടത്താമെന്നും ഇക്കൂട്ടർ വിചാരിക്കുന്നു. ദഹിക്കാത്ത ആശയങ്ങളുൾക്കൊള്ളുന്ന മനസ്സിന്റെ വിരേചനത്തിൽ ഇങ്ങനെ അർദ്ധസത്യങ്ങളുടെയും അസത്യങ്ങളുടെയും കഷണങ്ങൾ പുറത്തുവരിക സ്വാഭാവികമാണല്ലൊ.



ബർനാഡ്ഷാ

ശ്രീഹർഷൻ അദ്ദേഹത്തിന്റെ നൈഷധം കാവ്യത്തിൽ വിദ്യാഭ്യാസത്തെ സംബന്ധിച്ച് നാലു ഘട്ടം പരാമർശിക്കുന്നുണ്ട്: അധീതി, ബോധം, ആചരണം, പ്രചാരണം. പഠിപ്പിന്റെ ആദ്യഘട്ടമാണ് അധീതി, അതായത്, ഗ്രന്ഥങ്ങളിൽനിന്നും ആചാര്യന്മാരിൽനിന്നും ആശയങ്ങൾ ശേഖരിച്ചുവെയ്ക്കുക—പച്ചക്കറിസാമാനങ്ങൾ ശേഖരിച്ച് കറിക്ക് നുറുക്കി പാത്രത്തിൽ നിറയ്ക്കുന്നതുപോലെതന്നെ.

ഇതത്ര പ്രയാസമുള്ളൊരു കാര്യമല്ല; പരിശ്രമംകൊണ്ട് ആർക്കും സാദ്ധ്യമാകും. രണ്ടാമത്തേതില്ലേ—ബോധം—അതാണ് ഏറ്റവും പ്രധാനം. ആളെ അളക്കേണ്ടത് അതുകൊണ്ടാണ്. കറിക്ക് നുറുക്കിയ കഷണങ്ങൾ അടുപ്പത്തിരുന്ന് വേവുന്നതുപോലെ, മനഃപാത്രത്തിൽ ശേഖരിച്ചതെല്ലാം സ്വന്തം ചിന്തയിലൊന്ന് പാകപ്പെടാനുണ്ട്, അപ്പോഴേ അത് ബോധമായിത്തീരുകയുള്ളൂ.

അങ്ങനെ അവനവന്റേതായിത്തീരുന്ന ബോധത്തിനനുസരിച്ചാകണം പ്രവൃത്തി—ആചരണം. ഇങ്ങനെ മൂന്ന് ഘട്ടവും കടന്നതിനുശേഷമേ പ്രചാരണത്തിന്, മറ്റുള്ളവരെ പഠിപ്പിക്കാൻ പുറപ്പെടാവൂ. എന്നാൽ, ഇന്നത്തെ പരിഷ്കൃതവിദ്യാഭ്യാസത്തിൽ എന്താണ് കാണുന്നത്? രണ്ട് ഘട്ടം മാത്രം: ആദ്യത്തേതും ഒടുവിലത്തേതും. അധീതിയിൽനിന്ന് പ്രചാരണത്തിലേക്കൊരു എടുത്തുചാട്ടം! എന്തൊക്കെയോ വായിച്ചുകുട്ടിക്കൊണ്ട് നാം പ്രചാരണത്തിന്—പ്രൊപ്പഗാൻഡയ്ക്ക്—പുറപ്പെടുന്നു. ബോധം തെളിയണമെന്ന വിചാരമേയില്ല. ആചരണത്തിന്റെ കഥ പറയാനുമില്ലല്ലൊ. എങ്ങനെയെങ്കിലും വിജ്ഞാനത്തിന്റെ ഭാണ്ഡം വീർപ്പിച്ചാൽ മതി; ഒന്നാം ക്ലാസ് പണ്ഡിതൻ ആകാം. ആ ഭാണ്ഡവും അതിന്റെ ഉടമസ്ഥനും തമ്മിൽ എന്തുമാത്രം ബന്ധമുണ്ടെന്ന് ഇന്നത്തെ ബഹളത്തിൽ ആര് നോക്കാനാണ്.

(നിരീക്ഷണം 1948)

□

## കുറ്റിപ്പുഴ കൃഷ്ണപിള്ള



ജനനം: 1-8-1900
പിതാവ്: ഊരുമനയ്ക്കൽ ശങ്കരൻ നമ്പൂതിരി
മാതാവ്: കുറുങ്ങാട്ട് ദേവകി അമ്മ
വിദ്യാഭ്യാസം: വിദ്വാൻ പരീക്ഷ, എം. എ.

ആലുവാ അദ്വൈതാശ്രമം ഹൈസ്കൂൾ അദ്ധ്യാപകൻ, ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജ് അദ്ധ്യാപകൻ, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് 1968–71, കേന്ദ്ര സാഹിത്യ അക്കാദമി അംഗം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയംഗം, കേരള സർവ്വകലാശാലയുടെ സെനറ്റംഗം, ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, പാഠ്യ പുസ്തക കമ്മിറ്റി കൺവീനർ (1958), ബാല സാഹിത്യ ശില്പശാല ഡയറക്ടർ (1958), 'ദാസ് ക്യാപിറ്റൽ' മലയാളപരിഭാഷയുടെ ചീഫ് എഡിറ്റർ, കേരള സാഹിത്യ സമിതി പ്രസിഡന്റ്.

### കൃതികൾ

സാഹിതീയം, വിചാരവിപ്ലവം, വിമർശ രശ്മി, നിരീക്ഷണം, ഗ്രന്ഥാവലോകനം, ചിന്താതരംഗം, മാനസോല്ലാസം, മനന മണ്ഡലം, സാഹിതീകൗതുകം, നവദർശനം, ദീപാവലി, സ്മരണമഞ്ജരി, കുറ്റിപ്പുഴയുടെ തിരഞ്ഞെടുത്ത ഉപന്യാസങ്ങൾ, വിമർശ ദീപ്തി, യുക്തിവിഹാരം, വിമർശനവും വീക്ഷണവും, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—തത്വചിന്ത, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—സാഹിത്യവിമർശം, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—നിരീക്ഷണം.

ചരമം: 11-2-1971

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014